

# ഇസ്രയേൽ തകരുമെന്നതിന് മസീരിയുടെ പത്ത് ന്യായങ്ങൾ



**പ്രമുഖ** ഈജിപ്ഷ്യൻ ചിന്തകനും അക്കാദമിക പണ്ഡിതനും പ്രതിപക്ഷ കൂട്ടായ്മയായ *കിഫായ*യുടെ നേതാവുമായിരുന്നു 2008 ജൂലൈ 3-ന് അന്തരിച്ച അബ്ദുൽ വഹാബ് മസീരി (70). കയ്റോയിലെ ഐനുശ്ശംസ് സർവകലാശാലയിൽ ഇംഗ്ലീഷ് പ്രഫസറായിരുന്നു അദ്ദേഹം. 1959-ൽ അലക്സാൺഡ്രിയാ യൂനിവേഴ്സിറ്റിയിൽനിന്ന് ബിരുദമെടുത്ത ശേഷം അമേരിക്കയിൽനിന്ന് ഭാഷാ താരതമ്യ പഠനത്തിൽ ഡോക്ടറേറ്റ് നേടി.


സയണിസത്തെയും ജൂത-ഇസ്രയേൽ ചരിത്രത്തെയും ഇത്ര ആധികാരികമായി പഠിച്ച മറ്റൊരു പണ്ഡിതൻ ഇസ്ലാമിക ലോകത്ത് ഉണ്ടാവാൻ ഇടയില്ല. മസീരിയുടെ മാസ്റ്റർ പീസാണ് എട്ടു വാല്യങ്ങളുള്ള (3500 പേജ്) 'ജൂതന്മാർ, ജൂദായിസം, സയണിസം' എന്ന വിജ്ഞാനകോശം. 1999-ൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ കൃതി മുപ്പത് വർഷത്തെ ഗവേഷണഫലമാണ്.

ഇസ്രയേൽ എന്ന രാഷ്ട്രം ഭൂമുഖത്തു നിന്ന് വൈകാതെ ഉന്മൂലനം ചെയ്യപ്പെടുമെന്നതിന് മസീരി പത്ത് കാരണങ്ങൾ നിരത്തുന്നുണ്ട് ഈ കൃതിയിൽ.

1. ഉദ്ഗ്രഥിക്കപ്പെട്ട ഒരു പൊതു ജൂതസമൂഹത്തിന്റെ അഭാവമാണ് ആദ്യത്തേത്. ഹിബ്രു രാഷ്ട്ര സ്ഥാപകനായ ഡേവിഡ് ബെൻഗൂറിയന്റെ ആദ്യ പ്രഖ്യാപനങ്ങളിലൊന്ന്, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ എല്ലാ ജൂതന്മാരെയും വർണ-വംശീയതകൾക്കതീതമായി ഏകീകരിക്കുമെന്നായിരുന്നു. ആ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടില്ലെന്നു മാത്രമല്ല, വംശീയമായ വേർതിരിവ് രൂക്ഷമാവുകയും ചെയ്തിരിക്കുന്നു. അറബ് ന്യൂനപക്ഷത്തെ പൊതുധാരയിലേക്ക് കൊണ്ടുവരാനും കഴിഞ്ഞിട്ടില്ല.

2. മുഖ്യധാരാ പാർട്ടികളുടെ തകർച്ച. ചിന്തകരിലും സാംസ്കാരിക പ്രവർത്തകരിലും പടർന്ന നിരാശയുടെ ഫലമാണിത്.

## റോവൻ വില്യംസിന് പിന്നാലെ നിക്കളസ് ഫിലിപ്പ്


നിക്കളസ് ഫിലിപ്പ്

**കാന്റർബറി** ബിഷപ്പ് റോവൻ വില്യംസിന്റെ വിവാദ പ്രസ്താവനയുടെ ചൂട് കെട്ടടങ്ങും മുമ്പെ, ശരീഅത്ത് നിയമങ്ങളെ പിന്തുണച്ച് ബ്രിട്ടനിലെ ഏറ്റവും മുതിർന്ന ന്യായാധിപൻ രംഗത്ത്. ബ്രിട്ടീഷ് നിയമസംവിധാനത്തിൽ ശരീഅത്തിന് ഒരു പങ്ക് നിർവഹിക്കാനുണ്ടെന്ന് ലണ്ടൻ ഇസ്ലാമിക് കൗൺസിൽ സംഘടിപ്പിച്ച പരിപാടിയിൽ പങ്കെടുത്തുകൊണ്ട് ലോർഡ് ചീഫ് ജസ്റ്റിസ് നിക്കളസ് ഫിലിപ്പ് പറഞ്ഞു. "ശരീഅത്ത് നിയമത്തിന്റെയോ മറ്റേതെങ്കിലും മതനിയമങ്ങളുടെയോ അടിസ്ഥാനത്തിൽ ഇരു കക്ഷികൾക്കും സമ്മതമായ തീർപ്പുണ്ടാക്കുന്നതിൽ പ്രശ്നമൊന്നുമില്ല."

തീർപ്പുണ്ടാക്കുന്നത് ബ്രിട്ടീഷ് നിയമവ്യവസ്ഥയുടെ ചട്ടങ്ങൾക്കകത്ത് നിന്നുകൊണ്ടായിരിക്കണം എന്നു മാത്രം. ഇപ്പോൾ ജൂത വിവാഹമോചനനിയമം ബ്രിട്ടീഷ് നിയമവ്യവസ്ഥയുടെ ഭാഗമാണ്. ആ സ്ഥാനം ശരീഅത്തിനും നൽകാവുന്നതേയുള്ളൂ. മുഖ്യ ന്യായാധിപന്റെ പ്രസ്താവന വിവാദങ്ങളൊന്നും ഉണ്ടാക്കിയിട്ടില്ല.

ഇസ്ലാമിക ശരീഅത്ത് വ്യാപകമായി തെറ്റിദ്ധരിപ്പിക്കപ്പെട്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. "ഇതിന്റെ പ്രധാനപ്പെട്ട ഒരു കാരണം കല്ലെറിഞ്ഞു കൊല്ലലും ചാട്ടവാറടിക്കലും കൈകൊത്തലുമൊക്കെയാണ് ശരീഅത്തെന്ന് ജനങ്ങൾ തെറ്റിദ്ധരിച്ചതാണ്." മുഖ്യ ന്യായാധിപന്റെ പ്രസ്താവന യാഥാർഥ്യബോധത്തോടെയുള്ളതാണെന്ന് മുസ്ലിം നേതാക്കൾ അഭിപ്രായപ്പെട്ടു. ■

സൈനിക നേതൃത്വത്തെയും രഹസ്യാന്വേഷണ വിഭാഗത്തെയുമെല്ലാം ഇത് പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

3. ഇസ്രയേലിൽനിന്ന് വൻതോതിലുള്ള കുടിയൊഴിച്ചു പോക്ക്. ഇസ്രയേലിലേക്ക് വന്ന ആറു മില്യനിൽ ഒരു മില്യനും തിരിച്ചുപോയിക്കഴിഞ്ഞു.

4. ഇസ്രയേലിന്റെ ഭാവിയെക്കുറിച്ച് പ്രതീക്ഷ നഷ്ടപ്പെടുന്നവരുടെ എണ്ണം വർധിക്കുന്നു. ഇതാണ് കുടിയൊഴിച്ചു പോക്കിനും കാരണമാവുന്നത്. കൃത്രിമമായി സൃഷ്ടിക്കപ്പെട്ട ഈ രാഷ്ട്രത്തോട് പൊതുസമൂഹത്തിന് ആത്മബന്ധം ഉണ്ടാക്കിയെടുക്കുന്നതിൽ ഭരണകൂടം പരാജയപ്പെട്ടു.

5. ഇസ്രയേൽ എന്ന രാഷ്ട്രത്തിന്റെ സ്വഭാവം എന്തായിരിക്കണമെന്ന് ഇനിയും നിർണയിക്കാൻ കഴിഞ്ഞിട്ടില്ല. ജൂതരാഷ്ട്രത്തിന്റെ രൂപവത്കരണം തകർച്ചയുടെ ലക്ഷണമായിട്ടാണ് ജൂത പുരോഹിതന്മാർ പ്രമാണങ്ങൾ ഉദ്ധരിച്ച് വ്യാഖ്യാനിക്കുന്നത്.

6. പുതിയ ഇസ്രയേലീ തലമുറ പൊതുവെ സൈനിക സേവനത്തോട് വിമുഖത കാണിക്കുന്നു. അന്യരുടെ ഭൂമി കൈയേറുന്നത് ന്യായമല്ല എന്നവർ കരുതുന്നതു കൊണ്ടാണിത്.

7. ഫലസ്ത്വീനികൾക്ക് ഭൂമി നഷ്ടമായെങ്കിലും ആ സമൂഹത്തെ ഒരു നിലക്കും തകർക്കാൻ ഇസ്രയേലിന് കഴിഞ്ഞിട്ടില്ല. ജനസംഖ്യാ വർധനവിന്റെ തോത് ഫലസ്ത്വീനികൾക്ക് അനുകൂലവും ഇസ്രയേലിന് പ്രതികൂലവുമാണ്.

8. ചെറുത്തുനിൽപ് (മുഖാവമ) ആയിരിക്കും ജൂതരാഷ്ട്രത്തിന്റെ 'അന്തകൻ'. ഇസ്രയേലിനാകട്ടെ, അവരുടെ സായുധനീക്കങ്ങളൊന്നും രാഷ്ട്രീയ വിജയമാക്കി മാറ്റാൻ കഴിയുന്നില്ല.

9. സെക്യുലരിസ്റ്റുകളും മതവാദികളും ഇരുപക്ഷത്തായിനിന്ന് പോർവിളിക്കുന്നതുകൊണ്ട് ഒരു ദേശീയ സമവായം ഉണ്ടാക്കാൻ കഴിയുന്നില്ല. മതകക്ഷികൾ തന്നെ പാശ്ചാത്യം, പൗരസ്ത്യം എന്നിങ്ങനെ വേർതിരിഞ്ഞ് നിൽക്കുന്നു.

10. നയതന്ത്രപരമായും സാമ്പത്തികമായും ഇസ്രയേൽ അമേരിക്കക്ക് കനത്ത ഭാരമായി മാറുകയാണ്. അമേരിക്കയുടെ സഹായം ഒന്നു കൊണ്ട് മാത്രം നിലനിൽക്കുന്ന രാഷ്ട്രമാണത്. അമേരിക്ക കൈയൊഴിഞ്ഞാൽ പിന്നെ ആ രാഷ്ട്രത്തിന്റെ കഥ കഴിഞ്ഞു.

വിവിധ വിഷയങ്ങളെക്കുറിച്ചും മസീരി ധാരാളമായി എഴുതിയിട്ടുണ്ട് (*ചരിത്രത്തെക്കുറിച്ച് എഴുതിയ ലേഖനം പേജ് 24-ൽ*). ■




# ഖുർആനെറ്റും വിദ്യാഭ്യാസ കൗൺസലിംഗും

**ഈയിടെ** ഇസ്രയേലിലെ ഒരു ജൂത പ്രഫസർ വിദ്യാർഥികൾക്കും അധ്യാപകർക്കും വഴികാട്ടിയായി ഒരു കൈപുസ്തകം പ്രസിദ്ധീകരിച്ചു. പേര് 'ഖുർആനെറ്റ്' (Quranet). ഇതിനെ ആസ്പദമാക്കി, മുസ്‌ലിംകൾ സംസാരിക്കുന്ന വിവിധ ഭാഷകളിൽ വെബ്സൈറ്റ് തുടങ്ങാനും അദ്ദേഹത്തിന് പരിപാടിയുണ്ട്. വിദ്യാർഥികൾക്ക് കൗൺസലിംഗ് നൽകുമ്പോൾ അവരുടെ വ്യക്തിപരവും സാമൂഹികവുമായ മനശ്ശാസ്ത്ര പ്രശ്നങ്ങൾക്ക് ഖുർആനിക സൂക്തങ്ങൾ എങ്ങനെ പരിഹാരമാവുന്നു എന്നാണ് താൻ പുസ്തകത്തിലൂടെ അന്വേഷിച്ചതെന്ന് ഗ്രന്ഥകാരൻ അവകാശപ്പെടുന്നു.

ഹൈഫ യൂനിവേഴ്സിറ്റിയിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റാണ് ഓഫർ ഗ്രോസ്ബാർഡ്. ഗ്രാമങ്ങളിൽനിന്നു വരുന്ന അറബ് വംശജരായ വിദ്യാർഥികളെ നിരീക്ഷിച്ചപ്പോൾ, ഖുർആൻ അവരിൽ വലിയ സ്വാധീനം ചെലുത്തുന്നതായി അദ്ദേഹം കണ്ടെത്തി. നിരവധി സാമൂഹിക പ്രശ്നങ്ങൾ എടുത്തുകാണിച്ച ശേഷം ഇതിനൊക്കെ ഖുർആനിൽ എന്താണ് പരിഹാരം എന്ന് അദ്ദേഹം അവരോട് ചോദിച്ചു. ഖുർആനിൽനിന്ന് മുന്നൂറോളം സൂക്തങ്ങൾ വിദ്യാർഥികൾ പ്രഫസറെ കാണിച്ചു. ഇത് കൗൺസലിംഗിന് വളരെ ഉചിതമാണെന്നു കണ്ടെത്തിയ പ്രഫസർ, കുട്ടികളുടെ അഭിപ്രായങ്ങളോടൊപ്പം തന്റെ വക ചില മാർഗ നിർദേശ കുറിപ്പുകളും എഴുതിച്ചേർത്തു. ഇതാണ് ഖുർആനെറ്റ് എന്ന പേരിൽ പുസ്തകരൂപത്തിൽ പുറത്തിറങ്ങിയിരിക്കുന്നത്.

ഇസ്രയേൽ വിദേശകാര്യ വകുപ്പിന്റെ ഒത്താശയോടെ നടക്കുന്ന ഈ പ്രോജക്ടിനെ സംശയത്തോടെയാണ് മുസ്‌ലിം ലോകം നോക്കിക്കാണുന്നത്. 'ഖുർആനിന് തങ്ങൾക്ക് ചേരുന്ന ഒരു വ്യാഖ്യാനമുണ്ടാക്കി അത് പ്രചരിപ്പിക്കാനാണ് ഈ സംരംഭം'- ഈജിപ്ഷ്യൻ വഖ്ഫ് മന്ത്രാലയത്തിലെ ശൗഖീ അബ്ദുല്ലത്വീഫ് പറഞ്ഞു. ഖുർആനെ ദുർവ്യാഖ്യാനിക്കുകയല്ലാതെ മറ്റൊരു ഉദ്ദേശ്യവും ഇതിന്റെ പിന്നിലില്ലെന്നാണ് അൽ അസ്ഹർ യൂനിവേഴ്സിറ്റിയിലെ ഖുർആൻ പഠനവിഭാഗം പ്രഫസറായ ഡോ. അബ്ദുൽ ഹലീം മഹ്മൂദിന്റെ അഭിപ്രായം. ■